മോഡേൺ ട്രാൻസ്പോർട്ട് കമ്പനി, കോഴിക്കോട്	60,214.68
കോഴിക്കോട് ട്രാൻസ്പോർട്ട് കമ്പനി, കോഴിക്കോട്	91,934.83
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	24,72,426.00
മാത്യു സ്റ്റീഫൻ കുമളി	2,06,712.00

(ബി) ഈ സംഖ്യ പിരിച്ചെടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്ന് പിരിച്ചെടുക്കുവാൻ സാധിക്കുമെന്ന് കൃത്യമായി പറയുവാൻ പ്രയാസമാണ്.

പടന്താലുംമൂട്ടിലെ ചെക്ക്പോസ്റ്റ്

1679 [2512] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല പഞ്ചായത്തിലെ അങ്കാമം വാർഡിൽ തിരുവനന്തപുരത്ത് നിന്നും 31 കിലോമീറ്റർ കഴിഞ്ഞ് തമിഴ്നാട് വക ഒരു വെഹിക്കിൾ ചെക്ക് പോസ്റ്റ് ഉള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ചെക്കുപോസ്റ്റ് പടന്താലുംമൂട്ടിൽ മാറ്റി സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ചെക്ക്പോസ്റ്റ് തമിഴ്നാട് ഗവൺമെന്റിന്റെ അധീനതയിൽ ആയതിനാൽ അത് മാറ്റി സ്ഥാപിക്കുവാൻ കേരള സർക്കാരിന് നിർവ്വാഹമില്ല.

റാന്നി ബ്ലോക്കിലെ കല്യാണിമുക്ക്—മോതിരവയൽ കച്ചേരിത്തടം റോഡുപണി

1680 [2529] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ റാന്നിവികസന ബ്ലോക്കിൽപ്പെട്ട പഴവങ്ങാടി പഞ്ചായത്തിലെ കല്യാണിമുക്ക്—മോതിരവയൽ കച്ചേരിത്തടം റോഡുപണി എൻ. ആർ. ഇ. പി. പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു തുകയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്;

(സി) ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പണിയുടെ പുരോഗതി എത്രവരെയായി;

(ഇ) ഈ റോഡുപണി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്.

ഉത്തരം

(എ) പ്രസ്തുത റോഡുപണി ആർ. എൽ. ഇ. ജി. പി. പദ്ധതിയുംപ്പെടുത്തിയാണ് ഭരണാനുമതി നൽകിയിരിക്കുന്നത്.

(ബി) 3.63 ലക്ഷം രൂപയ്ക്ക്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 20–12–1984–ൽ

(ഡി) റോഡ് നിരപ്പാക്കൽ, റീട്ടെയിനിംഗ് വാൾ കെട്ടൽ, കലുങ്കുകളുടെ നിർമ്മാണം എന്നിവ കഴിഞ്ഞു. മെറ്റലിംഗും, ടാറിംഗുമാണ് ഇനി അവശേഷിക്കുന്നത്.

(ഇ) 1986 ഡിസംബർ അവസാനത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നെടുമങ്ങാട് ബ്ലോക്കിലെ കാരമൂട്–നമ്പാട്–പടിമുഖത്തുവിള റോഡിന്റെ പണി

1681 [2530] ശ്രീ. കെ. വി. സുഭേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് ബ്ലോക്കിന്റെ കീഴിൽ കരകുളം പഞ്ചായത്തിൽ ഉൾപ്പെടുന്ന കാരമൂട്–നമ്പാട്–പടിമുഖത്തുവിള റോഡിന്റെ പണി പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കിലോമീറ്റർദൂരം പണി പൂർത്തിയായിട്ടുണ്ട്;

(സി) ഇനി പൂർത്തിയാകേണ്ട ദൂരം എത്ര;

(ഡി) ഈ റോഡിന്റെ ജോലികൾ ആരംഭിച്ചത് എന്നാണ്;

(ഇ) ഇപ്പോൾ ജോലി നിർത്തിവയ്ക്കാനുണ്ടായ കാരണമെന്ത്;

(എഫ്) ഈ റോഡിന്റെ ജോലി പൂർത്തിയാക്കുന്നതിനുള്ള അടിയന്തിരനിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 0.70 കിലോമീറ്റർ

(സി) 1.20 കിലോമീറ്റർ

(ഡി) 1985–86–ൽ

(ഇ) 700 മീറ്റർ റോഡാണ് എസ്റ്റിമേറ്റ് ഉണ്ടാക്കി ആരംഭിച്ചത്. ഈ എസ്റ്റിമേറ്റിൻ പ്രകാരം ഉള്ള പണി തീർത്തു കഴിഞ്ഞതുകൊണ്ട് നിറുത്തിവച്ചു.

(എഫ്) നിർദ്ദേശം നൽകാം.

ആർ. എൽ. ഇ. ജി. പി. അനുസരിച്ച് കിളിമാനൂർ മണ്ഡലത്തിൽ ഏറ്റെടുത്ത റോഡുകൾ

1682 [2531] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എൽ. ഇ. ജി. പി. അനുസരിച്ച് കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കിളിമാനൂർ, പുളിമാത്ത് പഴയകുന്നുമ്മേൽ, മുദാക്കൽ, മടവൂർ, പള്ളിക്കൽ, കരവാരം, നാവായിക്കുളം, നഗരൂർ എന്നീ പഞ്ചായത്തുകളിൽ ഇതിനകം എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും, അവ ഏതെല്ലാം റോഡുകളാണെന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly